(എഫ്) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും കുടിശ്ശികയായി നൽകാനുള്ള ക്ഷാമബത്തയുടെ രണ്ടുഗഡുക്കൾ താമസംവിനാ അനുവദിക്കുന്നതാണ്. ഇതിൽ 1.1.99 മുതലുള്ള 10% ക്ഷാമബത്തയ്ക്കായി പ്രതിവർഷം 324 കോടി രൂപയും 1.7.99 മുതലുള്ള 5% ക്ഷാമബത്തയ്ക്കായി പ്രതിവർഷം 162 കോടി രൂപയും അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ജി) വ്യക്തമായ തീരുമാനം എടുത്തിട്ടില്ല.

42 (355) സർക്കാർ ജീവനക്കാരുടെ അഞ്ചാം ശമ്പള പരിഷ്കരണത്തിലൂടെ ലഭിച്ച ആനുകൂല്യങ്ങളുടെ വിവരം

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ അഞ്ചാം ശമ്പള പരിഷ്കരണത്തിനായി എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ശമ്പള പരിഷ്കരണ ഉത്തരവ്മൂലം ഒരു വർഷത്തിൽ എത്രരൂപയുടെ ആനുകൂല്യങ്ങളാണ് ജീവനക്കാർക്ക് വിതരണം ചെയ്യുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) ശമ്പള പരിഷ്കരണ ഉത്തരവ് പുറത്തിറങ്ങിയതിനുശേഷം അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പുതുതായി ഏതെല്ലാം ആനുകൂല്യങ്ങളാണ് വിവിധ മേഖലകൾക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി എന്തു തുക വേണ്ടി വരും എന്ന് വെളിപ്പെടുത്തുമോ;

(ഡി) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്ന കമ്മിറ്റിയുടെ കാലാവധി അവസാനിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് അവസാനിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-ലെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശപ്രകാരം

(ബി) 637/- കോടി രൂപയുടെ അധിക ചെലവാണ് കണക്കാക്കിയിരുന്നത്. എന്നാൽ സർക്കാർ നൽകിയ ആനുകൂല്യങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ പ്രതിവർഷം 904/- കോടി രൂപയുടെ അധികച്ചെലവുണ്ടാകുമെന്ന് കണക്കാക്കിയിരുന്നു. എന്നാൽ നടപ്പിലായപ്പോൾ 1200 കോടിയിലധികം വന്നു.

(സി) 25.11.98 ലെ ശമ്പളപരിഷ്കരണത്തിനുശേഷം പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ, ആരോഗ്യവകുപ്പിലെയും ഇൻഷുറൻസ് മെഡിക്കൽ വകുപ്പിലെയും അലോപ്പതി ഡോക്ടർ എന്നിവയുൾപ്പെടെ ചില തസ്തികകളുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി എത്ര തുക വരുമെന്ന് കണക്കാക്കിയിട്ടില്ല.

(ഡി) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി നിയോഗിച്ച ഉന്നതാധികാര കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly